കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ആലപ്പുഴ ജില്ല - പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്ത് - അക്കൗണ്ടന്റ് ജനറലിന്റെ 10/2000 മുതൽ 2006-07 വരെയുള്ള വർഷങ്ങളിലെ ലോക്കൽ ഓഡിറ്റ് - പരാമർശങ്ങൾ - സാധൂകരണം നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (എ.സി) വകുപ്പ്

സ.ഉ (സാധാ)നം 1947/12/തസ്വഭവ. തിരുവനന്തപുരം, തീയതി:13.7.12.

പരാമർശം:
1. പുന്നപ്ര വടക്ക് ഗ്രാമ പഞ്ചായത്തിന്റെ 9.9.10-ലെ V(2) (3) (4) (5) തീരുമാനങ്ങൾ.
2. ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ 28.12.10-ലെ 1(7) (8) (9) (10) തീരുമാനങ്ങൾ.
3. സെക്രട്ടറി, പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്ത്, ആലപ്പുഴയുടെ 24.2.11-ലെ AC 168/07 (2) നമ്പർ കത്ത്.
4. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം -ന്റെ 9.2.12-ലെ M2-9203/11 നമ്പർ കത്ത്.

<u>ഉത്തരവ്</u>

ആലപ്പുഴ ജില്ലയിലെ പുന്നപ്ര വടക്ക് ഗ്രാമ പഞ്ചായത്തിന്റെ 10/2000 മുതൽ 2006-07 വരെയുള്ള വർഷങ്ങളിലെ അക്കൗണ്ടന്റ് ജനറലിന്റെ ലോക്കൽ ഓഡിറ്റ് റിപ്പോർട്ടിലെ ഭാഗം II ബി III (i), (iii). (iv), (vi) എന്നീ ഖണ്ഡികകളിലെ പരാമർശങ്ങൾക്ക് സർക്കാർ സാധൂകരണം നൽകണമെന്ന് ഗ്രാമപഞ്ചായത്തിന്റെ പരാമർശം ഒന്നിലെ തീരുമാനത്തിന്റെയും ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റിയുടെ പരാമർശം രണ്ടിലെ ശുപാർശയുടെയും അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം (3) പ്രകാരം സർക്കാരിനോട് അപേക്ഷിക്കുകയുണ്ടായി.

2. ഗ്രാമപഞ്ചായത്തിനെതിരെയുള്ള മേൽ ഓഡിറ്റ് പരാമർശങ്ങൾക്ക് സാധൂകരണം നൽകാവുന്നതാണെന്ന് പരാമർശം (4) പ്രകാരം പഞ്ചായത്ത് ഡയറക്ടറും ശുപാർശ ചെയ്യുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്തിന്റെ 10/00 മുതൽ 2006-07 വരെയുള്ള ലോക്കൽ ഓഡിറ്റ് റിപ്പോർട്ടിലെ ഭാഗം II ബി III (i), (iii), (iv), (vi) എന്നീ ഖണ്ഡികകളിലെ പരാമർശങ്ങൾക്ക് താഴെ വിവരിക്കുന്ന പ്രകാരം തുക ചെലവഴിച്ച പഞ്ചായത്തിന്റെ നടപടിയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ചട്ടങ്ങളും ഉത്തരവുകളും ലംഘിച്ച് കൊണ്ടുള്ള ചെലവ് പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ ഒന്നാം നിലയുടെ നിർമ്മാണം 2006-07 6.40 ലക്ഷം രൂപ.

ചട്ടങ്ങളും ഉത്തരവുകളും ലംഘിച്ചുകൊണ്ടുള്ള ചെലവ് ഭവന ശ്രീ പദ്ധതി 2005-06 - 2.17 ലക്ഷം രൂപ

അനുവദനീയമല്ലാത്തതോ ഉദ്ദേശിച്ചിട്ടില്ലാത്തതോ ആയ കാര്യങ്ങൾക്കുള്ള ചെലവ് ഹൈസ്കൂൾ ചെലവ് 2004-05, 2005-06 1.43 ലക്ഷം രൂപ.

ചട്ടങ്ങളും ഉത്തരവുകളും ലംഘിച്ചുകൊണ്ടുള്ള ചെലവ് ജനകീയ വിഭവ ഭൂപട നിർമ്മാണം 2006-07 - 36,725 രൂപ.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

പി.ജയശ്രീ,
ഡെപ്യൂട്ടി സെക്രട്ടറി.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) , കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ, (LBA&A), കേരളം, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്ത്, ആലപ്പുഴ.
ഇൻഫർമേഷൻ കേരള മിഷൻ, പ്രതീക്ഷ, പാങ്ങപ്പാറ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.